**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 585** **23-07-2021 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മാർക്കറ്റ് കണ്ടെത്തുന്നതിനും ഗുണനിലവാരമുള്ള മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ നടപ്പ സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ മത്സ്യകൃഷി രീതികളുടെ നിർവ്വഹണത്തിന് ആവശ്യമായുള്ള ഗുണമേന്മയുള്ള മത്സ്യ കുഞ്ഞുങ്ങളെ വകുപ്പിൻറെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഹാച്ചറികളിൽ നിന്നും കൂടാതെ വകുപ്പിന്റെ കീഴിലെ ഏജൻസിയായ അഡാക്കിൽ നിന്നും വിതരണം ചെയ്തുവരുന്നു. കൂടാതെ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം, പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം എന്നീ പദ്ധതികൾ മുഖേനയും ഗുണമേന്മയുള്ള മത്സ്യ വിത്ത് വിതരണം ചെയ്യാൻ സാധിക്കുന്നതാണ് |
| (സി) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന സർക്കാർ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള സർക്കാർ ധനസഹായ പദ്ധതികൾ. .സമ്പാദ്യ സമാശ്വാസ പദ്ധതി - ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ 4500/- രൂപയുടെ ധനസഹായം . കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം . മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക ക്ഷേമ പദ്ധതികൾ . ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് |

| | | | | |
|---|---|---|---|---|
| | | | | ഇൻഷ്വറൻസ് പദ്ധതി . കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പെൻഷണർമാർ, വിധവാ പെൻഷണർമാർ എന്നിവർക്ക് പ്രതിമാസം 1600/- രൂപ പെൻഷൻ . മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് 50,000/- രൂപയുടെ ധനസഹായം . മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10000/- രൂപയുടെ ധനസഹായം . മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് 600/- രൂപയുടെ ധനസഹായം . എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത വികസന പദ്ധതി മുഖേന മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യ വിപണന സംവിധാനം വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പാ സഹായം . മാരക രോഗ ചികിത്സാ പദ്ധതി . മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച് മത്സ്യബന്ധന സമയത്ത് ഹൃദ്രോഗമോ മസ്തിഷ്കാഘാതമോ മൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം . വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കു ന്നതിനായി പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ ഉന്നത വിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗ ങ്ങളായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. കൃഷി രീതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2021-22

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി | 1445 ഹെക്ടർ | 1770.00 |
| 2 | സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 2860 ഹെക്ടർ | 85.80 |
| 3 | പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 1516 ഹെക്ടർ | 45.48 |
| 4 | ഒരു നെല്ലും ഒരു മീനും കൃഷി | 19850 ഹെക്ടർ | 756.40 |
| 5 | അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി | 320 ഹെക്ടർ | 422.40 |
| 6 | ഓരുജലത്തിലെ വിശാല മത്സ്യകൃഷി | 275 ഹെക്ടർ | 22.00 |
| 7 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 167 ഹെക്ടർ | 206.64 |
| 8 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 455 ഹെക്ടർ | 43.68 |
| 9 | ഞണ്ട് കൃഷി / കൊഴുപ്പിക്കൽ | 32.50 ഹെക്ടർ | 61.80 |
| 10 | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി | 6110.00 യൂണിറ്റ് | 763.78 |
| 11 | ബയോഫ്ളോക്ക് കൃഷി (20 $m^3$) | 3380 യൂണിറ്റ് | 458.16 |
| 12 | ബയോഫ്ളോക്ക് കൃഷി (50 $m^3$) | 75 യൂണിറ്റ് | 78.75 |
| 13 | ബയോഫ്ളോക്ക് കൃഷി (160 $m^3$) | 490 യൂണിറ്റ് | 716.00 |
| 14 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 $m^3$) | 290 യൂണിറ്റ് | 253.20 |
| 15 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 $m^3$) | 263 യൂണിറ്റ് | 391.28 |
| 16 | ശുദ്ധജലത്തിലെ കൂടു കൃഷി | 670 യൂണിറ്റ് | 418.64 |
| 17 | ഓരുജലത്തിലെ കൂടു കൃഷി | 1725 യൂണിറ്റ് | 1062.20 |
| 18 | കല്ലുമ്മേക്കായ കൃഷി | 832 യൂണിറ്റ് | 49.92 |
| 19 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം | 220 യൂണിറ്റ് | 95.36 |
| 20 | പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം | 40 യൂണിറ്റ് | 19.20 |
| | ആകെ | | **7720.69** |

കൂടാതെ മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ, കർഷകർക്കുള്ള പരിശീലനം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, റിസ്ക് മിറ്റിഗേഷൻ, പ്രൊമോട്ടർമാരുടെയും, പ്രോജക്ട് കോ-ഓർഡിനേറ്റർമാർമാരുടെയും വേതനം മുതലായവ ചെയ്യുന്നതിനായി 2079.31 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി 2020-21 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷിയ്ക്കായി 61.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതനുസരിച്ച് ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു.

## ജനകീയ മത്സ്യകൃഷി 2020-21

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് |
|---|---|---|
| 1 | ശാസ്ത്രീയ കാർപ്പ് കൃഷി | 1335 ഹെക്ടർ |
| 2 | പങ്കേഷ്യസ് കൃഷി | 178.8 ഹെക്ടർ |
| 3 | നൈൽതിലാപ്പിയ കൃഷി | 95.08 ഹെക്ടർ |
| 4 | റിസർക്കുലേറ്ററി അക്വാകൾച്ചർ | 282 യൂണിറ്റ് |
| 5 | ഒരു നെല്ലും ഒരു മീനും കൃഷി | 19166 ഹെക്ടർ |
| 6 | തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി | 45.54 ഹെക്ടർ |
| 7 | ബയോഫ്ളോക്കിലെ ഗിഫ്റ്റ് കൃഷി | 40 ഹെക്ടർ |
| 8 | ശാസ്ത്രീയ ഓരുജല മത്സ്യകൃഷി | 279.6 ഹെക്ടർ |
| 9 | ഓരുജല കൂട് മത്സ്യകൃഷി | 1050 യൂണിറ്റ് |
| 10 | ഞണ്ട് കൃഷി | 18.9 ഹെക്ടർ |
| 11 | കല്ലുമ്മേക്കായ് കൃഷി | 1600 യൂണിറ്റ് |
| 12 | വിശാല ചെമ്മീൻ കൃഷി | 1092 യൂണിറ്റ് |
| 13 | ശുദ്ധജല കൂട് മത്സ്യ കൃഷി | 508 യൂണിറ്റ് |
| 14 | കാർപ്പ് - വിശാലമത്സ്യകൃഷി | 1536ഹെക്ടർ |
| 15 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 140 ഹെക്ടർ |
| 16 | ബയോഫ്ളോക്ക് വനാമി | 5 ഹെക്ടർ |
| 17 | ഓരുജലത്തിലെ വിശാല മത്സ്യ കൃഷി | 169 ഹെക്ടർ |
| 18 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റ് | 90 യൂണിറ്റ് |
| 19 | കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ് | 10 ഹെക്ടർ |
| 20 | ഓരുജല മത്സ്യങ്ങളുടെ റിയറിംഗ് | 5 ഹെക്ടർ |
| 21 | പിന്നാമ്പുറങ്ങളിലെ തദ്ദേശീയ മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് | 35 യൂണിറ്റ് |

മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 4346 യൂണിറ്റ് വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി, 2057 യൂണിറ്റ് ബയോഫ്ളോക്ക് മത്സ്യകൃഷി, 256 യൂണിറ്റ് കുളത്തിലെ കരിമീൻ കൃഷി, 446 യൂണിറ്റ് കൂടിലെ മത്സ്യകൃഷി എന്നിവ പൂർത്തികരിച്ച് വരുന്നു.

ഇതിനു പുറമേ 8165 പൊതുകുളങ്ങളിലായി 1367.88 ഹെക്ടറിൽ മത്സ്യകുഞ്ഞ് നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കി.

2020-21 സാമ്പത്തിക വർഷം PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 27 കോടി രൂപയുടെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം എന്ന നൂതന മത്സ്യകൃഷി രീതികളും, ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂടിലെ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു.

Sobitha

സെക്ഷൻ ഓഫീസർ